11/620/2016

**B**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016 - 17
## മലയാളം - I
## കേരളപാഠാവലി

സ്റ്റാന്റേർഡ്: IX

സമയം : 1½ മണിക്കൂർ
സ്കോർ : 40

**പൊതുനിർദേശങ്ങൾ**

- പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. കാലിൽ <u>ചങ്ങലയിട്ടപ്പോൾ</u> ഇക്കാക്ക ഞരങ്ങി.
   - അടിവരയിട്ടിരിക്കുന്ന പദം പിരിച്ചെഴുതുക. (1)

2. സ്വച്ഛനിദ്രയിൽ മുങ്ങിപ്പഥികർ ശയിക്കുമ്പോൾ
   - സ്വച്ഛനിദ്ര എന്ന പദം വിഗ്രഹിക്കുമ്പോൾ ശരിയായത് ഏത്?
   (സ്വച്ഛതയുടെ നിദ്ര, സ്വച്ഛതയിലെ നിദ്ര, സ്വച്ഛമായ നിദ്ര, സ്വച്ഛതതേടുന്ന നിദ്ര) (1)

3. ഇനൻ പൊലിഞ്ഞാ<u>ലുഡു</u> പംക്തിയെക്കൊ-
   ണ്ടിരുട്ടു തൽക്കാലമകറ്റിയീശൻ
   - അടിവരയിട്ട പദത്തിനു സമാനാർഥമുള്ള പദം കണ്ടെത്തിയെഴുതുക.
   (സൂര്യൻ, ചന്ദ്രൻ, നക്ഷത്രം, ആകാശം) (1)

4. "മാങ്കനിവീഴാൻ കാത്തു നിൽക്കാതെ, മാതാവിന്റെ
   പൂങ്കുയിൽ കൂടുംവിട്ടു പരലോകത്തെ പൂകി."
   മാതാവിന്റെ പൂങ്കുയിൽ എന്ന പ്രയോഗത്തിന് കാവ്യസന്ദർഭത്തിലുണ്ടാകുന്ന ഭാവഭംഗി വ്യക്തമാക്കുക. (2)

5. പ്രാർഥനയുടെ പടവുകളിലൂടെയാണ് ഞാനിപ്പോൾ ഉറക്കത്തിലേക്ക് നടന്നു നീങ്ങുന്നത്.
   പ്രാർഥനയുടെ പടവുകൾ, ഉറക്കത്തിലേക്ക് നടന്നു നീങ്ങുക തുടങ്ങിയ പ്രയോഗങ്ങൾ നൽകുന്ന സവിശേഷാർഥം വിശകലനം ചെയ്യുക. (3)

6. "അവർക്ക് എന്നോടുള്ള സ്നേഹത്തിന്റെ ആ പ്രകാശം എന്നെ വല്ലാതെ സ്പർശിച്ചു. സ്നേഹത്തിന്റെ നടുവിൽ ഇരിക്കുന്നതുപോലെയുള്ള ഒരു സ്വസ്ഥതയും സന്തോഷവും മനസ്സിലുണ്ടായി."
   ജീവിതം ഒരു പ്രാർഥന എന്ന പാഠഭാഗത്ത് ആത്മകഥാകാരനായ കെ.എം. മാത്യുവിനുണ്ടായ ഒരനുഭവമാണ് മേൽപ്രസ്താവിച്ചത്. ഇത്തരത്തിൽ സ്നേഹത്തിന്റെ പ്രകാശം നിങ്ങളെ സ്പർശിച്ച ഒരനുഭവം എഴുതുക. (4)

7. 'എടാ, ഓന്റെ കാലിൽ ചങ്ങലയിട്'
   അരണ്ടാണ് തുപ്രൻ നിലത്തിരുന്നത്. ഇക്കാക്ക അനങ്ങിയില്ല മുറിവുള്ള കാലിൽ ചങ്ങലയിട്ടപ്പോൾ ഇക്കാക്ക ഞരങ്ങി. വായിൽ നിന്ന് കേല ഒഴുകിയിരുന്നു. *(കളിപ്പാവകൾ)*
   മാനസികാസ്വാസ്ഥ്യമുള്ളവരോടുള്ള സമൂഹത്തിന്റെ ഇത്തരം സമീപനങ്ങൾ ഒരു പരിഷ്കൃതസമൂഹത്തിന് യോജിച്ചതാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക. (4)

8. കൈവിട്ടുപോയി പകലെന്നു വച്ചു
   കണ്ണീരൊലിപ്പിച്ചൊരു കാര്യമുണ്ടോ?
   വരേണ്ടതല്ലേ നിശയും നമുക്കു
   വപുസ്സിനുത്ഥാനമുഷസ്സിനേകാൻ *(ഉള്ളൂർ)*
   ഈ വരികളിൽ തെളിയുന്ന ജീവിതസന്ദേശം വിശദീകരിച്ച് കുറിപ്പ് തയാറാക്കുക. (4)

9. "ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റിക്കയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ
മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പകർന്നിട്ടുണ്ടവന്നും കരൾക്കാമ്പിൽ"

*(കാളകൾ)*

വരികൾ പരിശോധിച്ച് കാവ്യപരമായ സവിശേഷത കണ്ടെത്തി കുറിപ്പ് തയാറാക്കുക. (4)

10. "ദൈവമേ ഈ മഴയത്ത് മേട്ടോർ സൈക്കിളിൽ പ്രദീപ്
വീട്ടിലെത്തുന്നതുവരെ അവനൊരു ആപത്തും വരുത്തല്ലേ"

*- ജീവിതം ഒരു പ്രാർഥന (കെ.എം. മാത്യു)*

നിസ്വാർഥമായി സ്നേഹിക്കുക എന്ന മഹത്തായ സന്ദേശമാണോ ജീവിതം ഒരു പ്രാർഥന എന്ന ആത്മകഥാഭാഗത്തെ ശ്രദ്ധേയമാക്കുന്നത്? മറ്റു സന്ദർഭങ്ങൾക്കൂടി പരിഗണിച്ച് പ്രതികരണക്കുറിപ്പ് തയാറാക്കുക. (4)

**11 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരം എഴുതുക. 6 സ്കോർ വീതം**

11. കഥാപാത്രനിരൂപണം തയാറാക്കുക.

- അന്നത്തെ ചിരിക്കുടുക്കയായ ഉമ ഇന്നിങ്ങനെ ഒരവസ്ഥയിലെത്തി! ഒരു സിറിഞ്ച് വച്ച് വലിച്ചെടുത്തതുപോലെ അവൾ ഉണങ്ങിയിരുന്നു. വസ്ത്രങ്ങൾ പോലും ഓജസ്സറ്റിരിക്കുന്നു. വൈധവ്യത്തിന്റെ വിളർച്ച?
- ഈ ഓഫീസിൽ ഒഴികെ ഈ ലോകത്തിൽ എനിക്ക് എവിടെ പോകാനാ? വേരോടിയുറച്ചതുപോലെ അവർ അനങ്ങാതിരുന്നു.

കുടുംബവും സമൂഹവും സ്ത്രീകളിൽ ഏൽപ്പിക്കുന്ന ആഘാതങ്ങൾ സാക്ഷി എന്ന കഥയിൽ ശക്തമായി ആവിഷ്കരിക്കുന്നു. സന്ദർഭങ്ങൾ വിശകലനം ചെയ്ത് കഥാപാത്ര നിരൂപണം തയാറാക്കുക.

12. ഉപന്യാസം തയാറാക്കുക.

അറിയപ്പെടാത്തൊരു നാട്ടിൽ പിന്നാക്കം നിൽക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ കഴിഞ്ഞുകൂടുന്ന ഏതെങ്കിലും പാവപ്പെട്ട കുട്ടികൾക്ക് എന്റെ ജീവിതവിധി രൂപപ്പെട്ടുവന്ന മാർഗം ആശ്വാസത്തിന്റേതായൊരു കണികയെങ്കിലും കണ്ടെത്താൻ കഴിഞ്ഞേക്കാം. അത്തരം കുട്ടികളെ അവരുടെ പിന്നാക്കാവസ്ഥയെന്നും നൈരാശ്യമെന്നുമുള്ള മിഥ്യാബോധത്തിൽ സ്വയം മോചിതരാകാൻ ഇത് ഒരു പക്ഷേ സഹായിച്ചേക്കാം. *(അഗ്നിച്ചിറകുകൾ - എ.പി.ജെ. അബ്ദുൾകലാം)*

രാമേശ്വരം പോലുള്ള ഒരു കുഗ്രാമത്തിൽ ജനിച്ച് കഠിനപ്രയത്നത്തിലൂടെ ലോകത്തോളം വളർന്ന എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകളാണിവ.

പ്രചോദനാത്മകമായ ഈ വചനങ്ങൾ വിശകലനം ചെയ്ത് 'ജീവിതവിജയവും സ്ഥിരോത്സാഹവും' എന്ന വിഷയത്തിൽ ലഘുപന്യാസം തയാറാക്കുക. (വിശ്വം ദീപമയം എന്ന കവിതയിലെ ആശയങ്ങളും പരിഗണിക്കണം).

13. ആസ്വാദനം തയാറാക്കുക.

## ചിരി

സമസ്തലോകത്തേയും സുന്ദരപ്പൂങ്കാവാക്കി-
ച്ചമച്ചുവിരിയുന്നൂ ചിരിയാം മലരുകൾ.

ചിരിപ്പിൻ ഭ്രാതാക്കളേ ചിരിപ്പിൻ, സർവ്വേശന്റെ
ചിരിയിൽ നിന്നല്ലയോ വെളിച്ചമുണ്ടായ്വന്നു?

താരിന്റെ ചിരിയിൽ നിന്നല്ലയോ പഴമുണ്ടായ്,
പാരിന്റെ ചിരിയിൽ നിന്നല്ലയോ നാമുണ്ടായി?

പരിതാപത്താലുള്ളം പൊരിയും പാവങ്ങൾക്കു
ചിരിയാം പാൽപകർന്നു കൊടുപ്പോൻ തത്ത്വജ്ഞാനി;

രോഗത്തിൻ പരിഹാരം, മുഖത്തിന്നലങ്കാരം,
ലോകത്തിന്നുപഹാരം, മധുരഹാസാങ്കുരം.

ചിരിപ്പിൻ ഭ്രാതാക്കളേ ചിരിപ്പിൻ, ചിൽക്കാതലിൻ
ചിരിയിൽ നിന്നല്ലയോ വെളിച്ചമുണ്ടായ്വന്നു?

*(വൈലോപ്പിള്ളി)*

ഭ്രാതാവ് - സഹോദരൻ, ഹാസം - ചിരി, അങ്കുരം - നാമ്പ്, ചിൽക്കാതൽ - ഈശ്വരൻ